"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട് - 2026 ഏപ്രിൽ - ജൂൺ മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.559/2026/AGRI തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.392/2026/അഗ്രി തീയതി 16/04/2026.
2. കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറുടെ 24/05/2026 തീയതിയിലെ 32/IRTCBSF/2015 നമ്പർ കത്ത്.

**ഉത്തരവ്**

അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് 2026-27 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2025 മാർച്ച് 31ന് resume ചെയ്തുപോയ തുകയായ 8,83,406/- രൂപ പരാമർശം (1) പ്രകാരം അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 2026-27 ലെ വർക്കിംഗ് ഗ്രൂപ്പ് ചേരാത്തതിനാൽ പദ്ധതി വിഹിതമായ മുപ്പത് ലക്ഷം രൂപ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും, ജീവനക്കാരുടെ ശമ്പളത്തിന് പ്രതിമാസ ശരാശരി 6,44,558/- രൂപ ആവശ്യമാണെന്നും, കഴിഞ്ഞ വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ അഡീഷണൽ വിഹിതമായി തുക അനുവദിച്ചാണ് ശമ്പളത്തിനും എസ്റ്റാബ്ലിഷ് ചെലവുകൾക്കും നിർവഹിച്ചിരുന്നതെന്നും, 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് 23,00,000/- രൂപ (ഇരുപത്തി മൂന്നു ലക്ഷം രൂപ) ആവശ്യമായി വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അഡീഷണൽ ഫണ്ടായി 23 ലക്ഷം രൂപ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ , അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്, 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി 2415-01-004-88-00-00-00-P-V-International Research and Training Centre for Below Sea Level Farming, Kuttanad എന്ന ശീർഷകത്തിൽ *20,41,167*/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി നൂറ്റി അറുപത്തി ഏഴ് രൂപ) മാത്രം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിന്റെ സാധൂകരണത്തിന് വിധേയമായി അനുവദിക്കുന്നതിനും പ്രസ്തുത തുക സ്ഥാപനത്തിന്റെ PSTSB Account No.799012700001387 ലേക്ക് വിതരണം ചെയ്യുന്നതിനും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ നടപടി സാധൂകരിക്കുന്നതിനുള്ള പ്രപ്പോസൽ കൃഷി ഡയറക്ടർ അടുത്ത വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്.
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (16.06.2026-ലെ 3519634/Agri-B1/262/2026-FIN പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 17-06-2026 17:12:59
സെക്ഷൻ ഓഫീസർ